**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **11-02-2025 - ൽ മറുപടിയ്ക്ക്**

**പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ നിന്നും വലിയ തോതിൽ ജലം ടണലുകളിലൂടെ വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചുവിടുന്ന നദീസംയോജന പദ്ധതി വീണ്ടും ദേശീയ ജലവികസന ഏജൻസിയുടെ പരിഗണനയിലാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>09.07.2024 – ൽ നടന്ന ദേശീയ ജലവികസന ഏജൻസി (NWDA) യുടെ എഴുപത്തിമൂന്നാമത് ഗവേർണിംഗ് ബോഡിയുടെ അജണ്ടയിലെ 73.9 annexure ആയ Status of Interbasin water transfer link schemes under Peninsular Component - ലെ പതിനാലാമത്തെ ഇനമായി നൽകിയിട്ടുള്ള പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്കിന്റെ status ൽ NWDA 1995 ൽ തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പരിഷ്കരണം (Modification) പുരോഗമിച്ചു വരികയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പിനെത്തുടർന്ന് നിർത്തിവച്ചിരുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ സംസ്ഥാനത്തിന്റെ വനഭൂമിയിലുണ്ടാകാവുന്ന കുറവ് സംബന്ധിച്ച് ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ജലവിഭവ വകുപ്പ് ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. എന്നാൽ ദേശീയ ജലവികസന ഏജൻസിയുടെ 1995 ലെ ഫീസിബിലിറ്റി റിപ്പോർട്ടിൽ ഇതേക്കുറിച്ചു പരാമർശം ഉണ്ട്. ഇത് പ്രകാരം വനവും പ്ലാന്റേഷനുമുൾപ്പെടെ 1987.672 ഹെക്ടർ ഭൂമി ജലത്തിനടിയിൽ ആകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ഉത്ഭവിച്ച് സംസ്ഥാനത്തിനുള്ളിലൂടെ മാത്രം ഒഴുകുന്ന അച്ചൻകോവിൽ, പമ്പ എന്നീ നദികളെ സംബന്ധിച്ച് കേന്ദ്രസർക്കാർ തീരുമാനമെടുക്കുന്നതിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേരളം ഈ പദ്ധതിയ്ക്ക് പൂർണ്ണമായും എതിരാണെന്ന ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ ശക്തമായി അറിയിച്ചിട്ടുണ്ട്. കേരളത്തിന്റെ സമ്മതമില്ലാതെ ഈ പദ്ധതിയുമായി മുന്നോട്ട് പോകില്ല എന്ന് ദേശീയ ജലവികസന ഏജൻസിയുടെ 28.02.2024 ലെ കത്ത് മുഖേന ഉറപ്പ് നൽകിയിട്ടുണ്ട്. |
| (ഡി) | നദീസംയോജനത്തിന്റെ ഭാഗമായി വലിയൊരളവ് ജലം അയൽസംസ്ഥാനത്തിന്റെ കാർഷികാവശ്യത്തിനായി വിനിയോഗിക്കപ്പെടുന്നത് | (ഡി) | പ്രസ്തുത പദ്ധതി പമ്പ അച്ചൻകോവിൽ നദികളെയും അവ വന്നു പതിക്കുന്ന വേമ്പനാട് കായലിലെ ജലലഭ്യതയെയും വളരെ പ്രതികൂലമായി |

| | | | |
|---|---|---|---|
| | സംസ്ഥാനത്തിന്റെ ജൈവ-പാരിസ്ഥിതിക വ്യവസ്ഥയെ എങ്ങനെ ബാധിക്കുന്നുവെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ? | | ബാധിക്കുമെന്നാണ് ഇത് സംബന്ധിച്ച് പഠിക്കാൻ കേരളം ചുമതലപ്പെടുത്തിയ ജലവിഭവ വികസന വിനിയോഗ കേന്ദ്രം കോഴിക്കോട്, IIT ഡൽഹി എന്നീ വിദഗ്ദ്ധ ഏജൻസികളുടെ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ